''ഭരണഭാഷ-മാതൃഭാഷ''

നമ്പർ എച്ച്1/81694/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 08.10.2018

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം - സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് 2018-19 - പുതുക്കിയ തീയതികൾ സംബന്ധിച്ച്

സൂചന : 1. 05.11.2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 194/2007/പൊ.വി.വ
2. ഈ കാര്യാലയത്തിലെ 26.07.2018 ലെ ഇതേ നമ്പർ പരിപത്രം
3. ഈ കാര്യാലയത്തിൽ നിന്നുള്ള 09.08.2018 ലെ ഇതേ നമ്പർ കത്ത്

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ 2018-19 വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം സമയക്രമം നിശ്ചയിച്ചു നൽകുകയും എന്നാൽ ചില അവിചാരിത കാരണങ്ങളാൽ അത് മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് സംബന്ധിച്ച പുതുക്കിയ സമയക്രമം ചുവടെ ചേർക്കുന്നു. സൂചന (2) ലെ പരിപത്രത്തിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് സുഗമമായി നടത്താൻ എല്ലാ പ്രഥമാധ്യാപകരും നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | നാമനിർദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി | 10.10.2018 ബുധനാഴ്ച (ഉച്ച കഴിഞ്ഞ് 3 മണി വരെ) |
| 2 | നാമനിർദേശ പത്രിക പരിശോധിച്ച് അവ സ്വീകരിക്കുന്നതിനുള്ള തീയതി | 11.10.2018 വ്യാഴാഴ്ച (ഉച്ചകഴിഞ്ഞ് 3 മണി വരെ) |
| 3 | നാമനിർദേശ പത്രിക പിൻവലിക്കാനുള്ള തീയതി | 12.10.2018 വെള്ളിയാഴ്ച |
| 4 | മത്സരാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 15.10.2018 തിങ്കളാഴ്ച |
| 5 | വോട്ടെടുപ്പ് തീയതി | 17.10.2018 ബുധനാഴ്ച (ഉച്ചകഴിഞ്ഞ് 3 മണി വരെ) |
| 6 | വോട്ടെണ്ണൽ തീയതിയും സ്ഥലവും | 17.10.2018 ബുധനാഴ്ച (അതാത് ക്ലാസ്സുകളിൽ) |
| 7 | പാർലമെന്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് തീയതി | 22.10.2018 തിങ്കളാഴ്ച (ഉച്ചക്ക് 2.30 മുതൽ) |
| 8 | സ്കൂൾ പാർലമെന്റിന്റെ ആദ്യയോഗം | 24.10.2018 ബുധനാഴ്ച |

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
**(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)**

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)

പകർപ്പ് : എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)